പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4915

24/07/2015 -ൽ

മറുപടിയ്ക്ക്

**കൊട്ടാരക്കരയിലെ സാംസ്കാരിക വകുപ്പ് മ്യൂസിയം മാറ്റുന്നത്**

ചോദ്യം

ശ്രീമതി പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും

വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) ദേവസ്വം, സാംസ്കാരിക വകുപ്പുകൾ ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കരയിലെ ദേവസ്വം ബോർഡിൻെറ അധീനതയിൽ ഉള്ള കൊട്ടാര കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന സാംസ്കാരിക വകുപ്പിൻെറ മ്യൂസിയം പ്രസ്തുത കെട്ടിടത്തിൽ നിന്നും ഒഴിയണമെന്ന് ദേവസ്വം ബോർഡ് തീരുമാനം എടുക്കാൻ ഇടയായ സാഹചര്യം വെളിപ്പെടുത്തുമോ; | എ) & ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ വകയിലും അധീനതയിലുള്ളതുമായ കൊട്ടാരക്കര മഹാഗണപതി ക്ഷേത്രത്തിനു സമീപമുള്ള ദേവസ്വം ബോർഡ് പൈതൃക കലാകേന്ദ്രത്തിലെ ഏതാനും മുറികൾ മറ്റൊരു അനുയോജ്യമായ ഇടം ലഭിക്കുന്നതുവരെ 36 മാസത്തെ കരാറിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന പുരാവസ്തു വകുപ്പിന് 22/2/2011 -ൽ വാടകയ്ക്ക് ദേവസ്വം ബോർഡ് നൽകുകയും ഇതിൻെറ കാലാവധി 22/2/2014 -ൽ അവസാനിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിൽ ദേവസ്വം ബോർഡിൻെറ തന്നെ ഒരു പൈതൃക കലാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡിൻെറ കീഴിലുള്ള നിരവധി ക്ഷേത്രങ്ങളിലെ പൈതൃക പ്രാധാന്യമുള്ള നിരവധി വസ്തുക്കൾ ടി കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിനാലാണ് സാംസ്കാരിക വകുപ്പിൻെറ മ്യൂസിയം പ്രസ്തുത കെട്ടിടത്തിൽ നിന്നും ഒഴിപ്പിക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുള്ളത്. |
| ബി) കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാൻെറ പേരിലുള്ള മ്യൂസിയം നിലവിൽ പ്രവർത്തിച്ചുവരുന്ന കൊട്ടാര കെട്ടിടത്തിൽ (ദേവസ്വം ബോർഡിൻെറ അധീനതിയിൽ ഉള്ളത്) തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് ദേവസ്വം ബോർഡിൽ നിന്നും അനുകൂല നടപടികൾ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; | | |

സെക്ഷൻ ഓഫീസർ